III മേശപ്പുറത്തുവച്ച കടലാസുകൾ

സഹകരണ–ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1991 മാർച്ച് 27-ാം തീയതിയിലെ വിജ്ഞാപനം ജി. ഒ. (എം.എസ്.) നമ്പർ 50/91/ഐ.ഡി.(എസ്.ആർ.ഒ.നമ്പർ 421/91)

(2) 1991 മാർച്ച് 27-ാം തീയതിയിലെ വിജ്ഞാപനം ജി. ഒ. (എം.എസ്.) നമ്പർ 52/91/ടി.ഡി. (എസ്.ആർ.ഒ.നമ്പർ 422/91)

നിയമസഭാ സെക്രട്ടറി : സഭ പാസ്സാക്കിയതും ഗവർണ്ണറുടെ അനുമതി ലഭിച്ചതുമായ ബില്ലുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1991-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ
(2) (1991-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ
(3) 1990-ലെ കേരള കാർഷികാദായ നികുതി ബിൽ.

IV റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റികളുടെ 1989-90 വർഷത്തേക്കുള്ള ആനുകാലിക റിപ്പോർട്ടുകൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. വി. രാഘവൻ) : സർ, കൃഷിയും സംയോജിത ഗ്രാമ വികസനവും സംബന്ധിച്ച ഒന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 31-3-1990 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. എൻ. എം. ജോസഫ്) :

സർ, റവന്യൂവും വിനോദസഞ്ചാരവും സംബന്ധിച്ച രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1990 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ) :

സർ, ജലസേചനം സംബന്ധിച്ച മൂന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1990 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) :

സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച നാലാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1990 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) :

സർ, പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച അഞ്ചാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1990 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഞാൻ ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly